പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2320

11..10..2011 -ൽ
മറുപടിയ്ക്ക്.

## സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ സാമൂഹ്യനീതി

| ചോദ്യം<br>ശ്രീ. വി. ശശി | | ഉത്തരം<br>ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ സാമൂഹ്യനീതി ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ അവ വിശദീകരിക്കാമോ ? | (ബി) | പുതിയ സ്വാശ്രയ സ്ഥാപനങ്ങൾ അനുവദിക്കുമ്പോഴും നിലവിലുള്ള സ്വാശ്രയ സ്ഥാപനങ്ങളിൽ പുതിയ കോഴ്സുകൾ അനുവദിക്കുമ്പോഴും സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി 50% സീറ്റുകളിൽ സർക്കാർ ഫീസിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിയ്ക്കൽ, അഡ്മിഷൻ, ട്യൂഷൻ ഫീസ്, സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം ഉറപ്പാക്കൽ എന്നീ വിഷയങ്ങൾ സംബന്ധിച്ച് സർക്കാർ പ്രസ്തുത സ്ഥാപനങ്ങളുടെ മാനേജ്മെന്റുകളുമായി കരാർ വയ്ക്കുന്നുണ്ട്. സ്വകാര്യ സ്വാശ്രയ കോളേജുകളിലെ നിയമ വിരുദ്ധ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്താൻ സർക്കാർ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയെയും ഫീ റെഗുലേറ്ററി കമ്മിറ്റിയെയും നിയമിച്ചിട്ടുണ്ട്. കൂടാതെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ എ.ഐ.സി.റ്റി.ഇ. മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള അദ്ധ്യാപകർ ഉണ്ടോയെന്നും അദ്ധ്യാപകർക്ക് മതിയായ വിദ്യാഭ്യാസ യോഗ്യത ഉണ്ടോയെന്നും ഉറപ്പ് വരുത്തുന്നതിനായി സർക്കാർ ഒരു ഇൻസ്പെക്ഷൻ കമ്മിറ്റിയേയും രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ